പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 123

# 2018-ലെ കേരള ഗാർഹികപരിസരത്തും പൊതുസ്ഥലങ്ങളിലുമുള്ള മദ്യപാനം തടയൽ ബിൽ

(ശ്രീമതി യു. പ്രതിഭ ഹരി എം. എൽ. എ. നോട്ടീസ് നൽകിയത്)

422/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 123

# 2018-ലെ കേരള ഗാർഹികപരിസരത്തും പൊതുസ്ഥലങ്ങളിലുമുള്ള മദ്യപാനം തടയൽ ബിൽ

(ശ്രീമതി യു. പ്രതിഭ ഹരി എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ പൊതുസ്ഥലങ്ങളും ഗാർഹികപരിസരങ്ങളും
മദ്യപാനവിമുക്തമാക്കുന്നതിന്
വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് മദ്യപാനാസക്തിയും മദ്യപാനവും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വലിയ തോതിൽ സാമൂഹ്യ വെല്ലുവിളികൾ ഉയർത്തുന്നതിനാലും, സർക്കാരും ഇതര സന്നദ്ധ സംഘടനകളും മദ്യപാന ശീലത്തിനെതിരെ നടത്തുന്ന പ്രയത്നങ്ങൾ വേണ്ടത്ര വിജയം വരിക്കാത്തതിനാലും, നമ്മുടെ ഗാർഹിക പരിസരങ്ങളും, പൊതുസ്ഥലങ്ങളും മദ്യപാനവിമുക്തമാക്കുന്നതിന്റെ ആവശ്യകത അത്യന്താപേക്ഷിതമായിരിക്കുന്നതിനാലും നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു.

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം നിർമ്മിക്കുന്നു:—

1.ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1)ഈ ആക്ടിന് "2018-ലെ കേരള ഗാർഹിക പരിസരത്തും പൊതുസ്ഥലങ്ങളിലുമുള്ള മദ്യപാനം തടയൽ ബിൽ" എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടാകുന്നതാണ്.

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2.നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം ,—

(എ) "സർക്കാർ " എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(സി) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

422/2018.

(ഡി) "ഗാർഹിക പരിസരം" എന്നാൽ ജനവാസമുള്ള വീടുകൾ, ഫ്ലാറ്റുകൾ, ലോഡ്ജുകൾ, ഹോസ്റ്റലുകൾ, മറ്റു വാസസ്ഥലങ്ങളും, അതിന്റെ ടെറസ്സ്, പിന്നാമ്പുറങ്ങൾ, വരാന്തകൾ, വീടിനോടനുബന്ധിച്ചുള്ള പൂന്തോട്ടങ്ങൾ, കൃഷിയിടങ്ങൾ, പുരയിടങ്ങൾ തുടങ്ങിയവ എന്ന് അർത്ഥമാകുന്നു;

(ഇ) "പൊതു സ്ഥലങ്ങൾ" എന്നാൽ, സർക്കാർ-സ്വകാര്യ-സ്വാശ്രയ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുജനസമ്പർക്ക കേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ, പൊതുവഴികൾ, പൊതു-സ്വകാര്യ വാഹനങ്ങൾ, മദ്യവിൽപ്പനയ്ക്കും മദ്യപാനത്തിനും സർക്കാർ അനുമതിയില്ലാത്ത വ്യാപാര-വാണിജ്യ സ്ഥാപനങ്ങൾ എന്ന് അർത്ഥമാകുന്നു.

3. <u>പരാതിയും പരിഹാരമാർഗ്ഗങ്ങളും</u>.—(എ) വീടിനുള്ളിലോ, പരിസരങ്ങളിലോ കുടുംബാംഗങ്ങൾ ഒറ്റയ്ക്കോ, കൂട്ടമായോ മദ്യപിക്കുന്നതിൽ വീട്ടമ്മമാർക്കോ മറ്റുകുടുബാംഗങ്ങൾക്കോ അസ്വസ്ഥതയുണ്ടാക്കുന്നുണ്ടെങ്കിൽ അവർക്ക് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നേരിട്ടോ ടെലിഫോൺ മുഖാന്തിരമോ പരാതിപ്പെടാവുന്നതാണ്;

(ബി) ഗാർഹികപരിസരങ്ങളിൽ പരസ്യമദ്യപാനം നടത്തുന്നതുമൂലം എന്തെങ്കിലും അസ്വസ്ഥതകൾ അയൽവാസികൾക്ക് ഉണ്ടായാൽ അവർക്ക് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിക്കാവുന്നതാണ്;

(സി) സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ-സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയിലും, പൊതുസ്ഥലങ്ങൾ, സ്വകാര്യവ്യക്തികളുടെ ആൾത്താമസമില്ലാത്ത വസ്തുവകകൾ, പൊതു വഴി, പൊതു-സ്വകാര്യ വാഹനങ്ങൾ എന്നിവിടങ്ങളിലും കൂട്ടമായോ ഒറ്റയ്ക്കോ പരസ്യമായി മദ്യപിക്കുന്നത് ശ്രദ്ധയിൽപെട്ടാൽ, സ്ഥാപന ഉടമയ്ക്കോ, ഉത്തരവാദപ്പെട്ട വ്യക്തിക്കോ, പൊതുജനങ്ങൾക്കോ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതിപ്പെടാവുന്നതാണ്;

(ഡി) പൊതുസ്ഥലങ്ങൾ കൈയ്യേറി മദ്യപാനം നടത്തുന്നതായി പോലീസിന് നേരിട്ട് ബോധ്യമായാൽ അന്വേഷണം നടത്തി ബന്ധപ്പെട്ടവർക്കെതിരെ കേസെടുക്കേണ്ടതാണ്;

(ഇ) പൊതുസ്ഥലങ്ങളിൽ വെച്ച് നടത്തപ്പെടുന്ന ആഘോഷങ്ങളിൽ പരസ്യമായി മദ്യവിതരണവും മദ്യപാനവും നടത്തുന്നവർക്കെതിരെയും പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായോ നേരിട്ട് ശ്രദ്ധയിൽപ്പെട്ടാലോ പോലീസിന് നിയമനടപടി സ്വീകരിക്കാവുന്നതാണ്;

(എഫ്) ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചാൽ പരാതിയിൻമേൽ അന്വേഷണം നടത്തി നിയമനടപടി സ്വീകരിക്കേണ്ടതാണ്;

(ജി) പരാതി കെട്ടിച്ചമച്ചതോ വ്യാജമോ അല്ലെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്;

(എച്ച്) പ്രസ്തുത നിയമത്തിൽ പറയുന്ന കുറ്റങ്ങൾ ചെയ്ത പ്രതികളെ അറസ്റ്റുചെയ്യുന്നതിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടായിരിക്കും;

(ഐ) ഈ നിയമപ്രകാരം അറസ്റ്റുചെയ്യുന്ന വ്യക്തിയെ അല്ലെങ്കിൽ വ്യക്തികളെ അറസ്റ്റു നടന്നാലുടനെ അറസ്റ്റിനാധാരമായ കാരണങ്ങൾ അറസ്റ്റുചെയ്ത ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിക്കേണ്ടതും ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ഏറ്റവും അടുത്ത മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതും മജിസ്ട്രേറ്റ് അധികാരപ്പെടുത്താതെ ഇരുപത്തിനാല് മണിക്കൂറിൽ കൂടുതൽ കസ്റ്റഡിയിൽ വയ്ക്കാൻ പാടില്ലാത്തതുമാകുന്നു.

4. <u>നിയമം ദുരുപയോഗം ചെയ്യുന്നത് തടയൽ.</u>—(എ) ഈ നിയമപ്രകാരം തന്നിൽ അർപ്പിക്കപ്പെട്ട അധികാരം ദുരുപയോഗം ചെയ്യുന്ന ഏതൊരു ഉദ്യോഗസ്ഥനെയും ഒരു വർഷംവരെ തടവിനും 10,000 രൂപ വരെ പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്.

(ബി) ആവശ്യമെന്ന് തോന്നിയാൽ പരാതിയും പരാതിക്കാരനെ സംബന്ധിച്ച വിവരങ്ങളും പോലീസ് രഹസ്യമായി വയ്ക്കേണ്ടതും പരാതിക്കാരിക്ക്/പരാതിക്കാരന് ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് അന്വേഷണ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്.

5. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഇപ്രകാരമുണ്ടാക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞാലുടനെ അടുത്ത നിയമസഭാ സമ്മേളനത്തിൽ സമർപ്പിക്കേണ്ടതാണ്. നിയമസഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത ചട്ടം നിയമസഭ നിരാകരിച്ചാൽ നടപ്പിലാക്കാൻ പാടുള്ളതല്ല. സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം ഏൽപ്പിച്ചുകൊടുക്കുന്നതിനും അധിക ചുമതല നൽകുന്നതിനും അധികാരമുണ്ടായിരിക്കും.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് മദ്യപാനാസക്തിയും, മദ്യപാനം മൂലമുണ്ടാകുന്ന പ്രശ്നങ്ങളും വലിയ വെല്ലുവിളി ഉയർത്തുകയാണ്. മദ്യപാനശീലത്തിനെതിരെ സർക്കാരും മറ്റിതര സന്നദ്ധ-രാഷ്ട്രീയ സംഘടനകളും, വ്യക്തികളും നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളെ അതിജീവിക്കുന്ന തരത്തിൽ ഇത്തരം പ്രവണതകൾ വർദ്ധിച്ചുവരികയാണ്. മദ്യപാനത്തിന് സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളും അല്ലാത്തവയും എന്ന വേർതിരിവുകൾ ലംഘിക്കപ്പെട്ട് ഗാർഹികാന്തരീക്ഷത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും

പൊതുസ്ഥലങ്ങളിലും മാത്രമല്ല വാടകയ്ക്ക് എടുക്കപ്പെടുന്ന ആഡിറ്റോറിയങ്ങളിലും, ഹോട്ടലുകളിലും മംഗളകർമ്മങ്ങളിലും ആഘോഷങ്ങളിലും മദ്യവിതരണവും പരസ്യ മദ്യപാനവും ഇപ്പോൾ കണ്ടുവരുന്നുണ്ട്. പൊതു-സ്വകാര്യ സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും അനധികൃതമായി കടന്നുകയറി മദ്യപാനം നടത്തുന്നതും പതിവ് കാഴ്ചയായിരിക്കുന്നു. ആയതിനാൽ ഗാർഹികാന്തരീക്ഷങ്ങളും പൊതുസ്ഥലങ്ങളും മദ്യപാനവിമുക്തമാക്കുന്നതിനായും അതുവഴി സാമൂഹ്യപുരോഗതി ഉറപ്പ് വരുത്തുന്നതിനുമാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല. എന്നാൽ കുറ്റക്കാർക്കെതിരെ ചുമത്തുന്ന പിഴ സർക്കാരിന് വരുമാനമുണ്ടാക്കുകയും ചെയ്യും.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുന്ന മുറയ്ക്ക് ബില്ലിന്റെ വകുപ്പ് '5' പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ടനുസരിച്ചുണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുന്നതിനും സഭയ്ക്ക് ഭേദഗതി വരുത്താനും റദ്ദാക്കാനും അധികാരം ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെടുന്ന നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

യു. പ്രതിഭ ഹരി, എം. എൽ. എ.